# നീര ഉൽപ്പാദനത്തിനുപിന്നിൽ വിദേശമദ്യലോബി: കെ എം സുധാകരൻ

**കോഴിക്കോട്:** വ്യാവസായിക അടിസ്ഥാനത്തിൽ നീര ഉൽപ്പാദിപ്പിക്കുന്നതിനുപിന്നിൽ മദ്യനിരോധന വാദികളും വിദേശ മദ്യലോബിയുമാണെന്ന് കേരള സംസ്ഥാന കള്ളുചെത്തുവ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) പ്രസിഡന്റ് കെ എം സുധാകരൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നീര ഉൽപ്പാദിപ്പിച്ച് ലാഭകരമായി വിൽക്കാൻ കഴിയുമെന്ന് ഇതുവരെ തെളിയിച്ചിട്ടില്ല. നീര ഉൽപ്പാദനം കള്ളുചെത്ത് വ്യവസായത്തിന്റെ ചരമക്കുറിപ്പ് ആയിരിക്കും. നീര ഉൽപ്പാദനം സംബന്ധിച്ച് ചർച്ച ചെയ്യാൻ മന്ത്രി വിളിച്ച യോഗത്തിൽ എല്ലാ തൊഴിലാളി പ്രതിനിധികളും ഭിന്നാഭിപ്രായം പ്രകടിപ്പിച്ചിരുന്നെങ്കിലും നീര ഉൽപ്പാദനത്തിന് സർക്കാർ അംഗീകാരം നൽകിയെന്ന് സുധാകരൻ പറഞ്ഞു.

നീര ഉൽപ്പാദനവും വിപണനവും പ്രായോഗികമോ എന്ന വിഷയത്തിൽ കേരള സംസ്ഥാന കള്ളുചെത്തുവ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) ആഭിമുഖ്യത്തിൽ കോഴിക്കോട്, തൃശൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ മേഖലാ സെമിനാറുകൾ നടത്തും. ആഗസ്ത് ആറിന് കോഴിക്കോട്ട് നടക്കുന്ന സെമിനാർ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംഎൽഎ ഉദ്ഘാടനം ചെയ്യും. ആഗസ്ത് 10ന് തൃശൂരിൽ സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദനും 16ന് ആലപ്പുഴയിൽ എളമരം കരീം എംഎൽഎയും ഉദ്ഘാടനം ചെയ്യും. പി എ ചന്ദ്രശേഖരൻ, പി ടി രാജൻ, ടി ദാസൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.